# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P7/45/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയതി: 05/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P7/45/23 തീയ്യതി: 05/04/2023

## കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 19-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 21-12-2022 | 29-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2022 | 29-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജി.സജികുമാർ- ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഷീജ ആർ-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാകേഷ്.എം.-സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അമല സെർമിയാസ്- ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആമിന ഷെരീഫ് | പ്രസിഡന്റ് | 01-04-2021 | 06-08-2021 |
| ശ്രീമതി ജലജ ഗോപൻ (ഇൻചാർജ്) | പ്രസിഡന്റ് | 07-08-2021 | 25-08-2021 |
| ശ്രീ റെജി കല്ലംവിള | പ്രസിഡന്റ് | 26-08-2021 | 31-03-2022 |
| ശ്രീ സ്റ്റീഫൻ മോത്തിസ് | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീമതി സുശീല | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 04-07-2021 |
| ശ്രീ വിജയൻ എം | സെക്രട്ടറി | 05-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനി.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുശീല | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 18-07-2021 |
| ശ്രീ.ബിനു.റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 31-03-2022 |
| ശ്രീമതി.സജിതാമോൾ.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സീന എസ്.എൽ. | വെറ്ററിനറി സർജൻ | 01-04-2021 | 10-05-2021 |
| ശ്രീ.അനീഷ് ബഷീർ | വെറ്ററിനറി സർജൻ | 11-05-2021 | 31-03-2022 |
| ശ്രീമതി.ഷീല.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗ്രേസി തോമസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ശോഭന | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.മുഹമ്മദ് സദക്കത്തുള്ള | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി.സൂസൻ ജോൺ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.മനുജ.ആർ.വി. | വി.ഇ.ഒ.1 | 01-04-2021 | 31-08-2021 |
| ശ്രീ.ബിജു.റ്റി.എസ്. | വി.ഇ.ഒ.1 | 01-09-2021 | 31-03-2022 |
| ശ്രീ.നവീൻ.ആർ. | വി.ഇ.ഒ.2 | 01-04-2021 | 09-10-2021 |
| ശ്രീ.രാഗേഷ്.ആർ. | വി.ഇ.ഒ.2 | 10-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. നൗഫിയ.എ. | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീരാജി | അസി.എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 01-04-2021 | 17-04-2021 |
| ശ്രീമതി മിനി (ഇൻചാർജ്) | അസി.എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 18-04-2021 | 15-08-2021 |
| ശ്രീമതി അജ്മി എസ് | അസി.എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | 16-08-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം. | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | രസീത് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-11 |
| 13 | ഭവന പുനരുദ്ധാരണം - പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-12 |
| 14 | ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം-പ്രവർത്തികൾ പൂർത്തീകരിച്ചില്ല | 1-13 |
| 15 | പശു വളർത്തൽ - ആനുകൂല്യം ലഭിച്ച ഗുണഭോക്താവ് നിലവിൽ പശുവിനെ വളർത്തുന്നില്ല | 1-14 |
| 16 | ലൈഫ് മിഷൻ ഭവന നിർമ്മാണം- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-15 |
| 17 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 18 | ലൈഫ് ഭവന പദ്ധതി- തുക തിരിച്ചടച്ചത് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല | 1-17 |
| 19 | വൃദ്ധർക്ക് കട്ടിൽ-കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 1-18 |
| 20 | കുറഞ്ഞ ടെൻഡർ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി പ്രോജക്റ്റ് പ്രകാരം വാങ്ങൽ നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 1-19 |
| 21 | പ്രോജക്റ്റ് പ്രകാരം തുക ചെലവഴിച്ചിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. | 1-20 |
| 22 | വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-21 |
| 23 | വെള്ളക്കരം പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-22 |
| 24 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ക്രമപ്രകാരമുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-23 |
| 25 | ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി നൽകാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-24 |

| | | |
|---|---|---|
| 26 | മൂലധന നിക്ഷേപത്തിന് ആനുപാതികമായി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. | 1-25 |
| 27 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. | 1-26 |
| 28 | ദിവസവേതന ജീവനക്കാരന് സർക്കാർ നിശ്ചയിച്ച നിരക്കിൽ അധികമായി വേതനം അനുവദിച്ചു. | 1-27 |
| 29 | കാലിത്തീറ്റ സബ്സിഡി- ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ചെലവിനേക്കാൾ സബ്സിഡി അനുവദിച്ചു. | 1-28 |
| 30 | ഡി.എ. അരിയർ തുക അനുവദനീയമായതിലും അധികമായി അനുവദിച്ചു. | 1-29 |
| 31 | പിൻവലിക്കാൻ അനുമതി നല്കിയ തുകേയേക്കാൾ അധികം തുക പിൻവലിച്ചു | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുറഞ്ഞ ടെൻഡർ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി പ്രോജക്ട് പ്രകാരം വാങ്ങൽ നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 3-1 |
| 2 | കാലിത്തീറ്റ സബ്സിഡി- ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ചെലവിനേക്കാൾ സബ്സിഡി അനുവദിച്ചു. | 3-2 |
| 3 | ഡി.എ. അരിയർ - അനുവദനീയമായതിലും അധികം തുക അനുവദിച്ചു. | 3-3 |
| 4 | പിൻവലിക്കാൻ അനുമതി നല്കിയ തുകയേക്കാൾ അധികം തുക പിൻവലിച്ചു | 3-4 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധപത്രികകൾ |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തിലെ ബജറ്റ് 23/02/2021 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 28.06.2021 | - | - |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1. വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. വാടക - രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് (₹) | കളക്ഷൻ (₹) | ബാലൻസ് (₹) |
|---|---|---|---|
| എ.എഫ്.എസ് പ്രകാരം | 295040/- | 61632/- | 233408/- |
| രജിസ്റ്റർ പ്രകാരം | 168588/- | 61789/- | 106799/- |

3. State Bank Of India E-payment ന്റെ റീ-കൺസീലിയേഷനിൽ Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിട്ടുള്ള 38321/-രൂപ കളക്ഷനായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4. RP40(b) പ്രകാരം Service Co-operative Bank-Distress Relief Fund ൽ 31.03.22 ൽ 3415/-രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ Bank Passbook/statement പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5. RP 40(b) പ്രകാരം Nationalised Bank Account Of Own Revenue Fund ൽ 31.03.22 ൽ 132171/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ Bank Passbook/statement പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

6. വികസന ഫണ്ട് (ജനറൽ)-ന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| എ.സി.ആർ | ₹19146453/- |
| എ.എഫ്.എസ് | ₹176436667/- |

7. വികസന ഫണ്ട്(എസ്.സി.പി)-ന്റെ എ.സി.ആർ. പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| എ.സി.ആർ | ₹14284000/- |
| എ.എഫ്.എസ്. | ₹13756000/- |

8. മെയിന്റനൻസ് ഫണ്ട്(റോഡിതരം)-ന്റെ എ.സി.ആർ. പ്രകാരമുള്ള ചെലവ് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| എ.സി.ആർ | ₹4349763/- |
| എ.എഫ്.എസ് | ₹4269766/- |

9. കേന്ദ്ര ധനകാര്യകമ്മീഷന്റെ എ.സി.ആർ, സുലേഖ എന്നിവ പ്രകാരമുള്ള ചെലവ്-നീക്കിയിരുപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയുടെ ചെലവ്-നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|
| എ.സി.ആർ. | 10728415/- | 5188721/- |
| എ.എഫ്.എസ്. | 14830999/- | 5348719/- |

10. Capital Work In Progress ആയി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത് ₹13,63,191/-രൂപ ആണെന്നിരിക്കെ വാർഷിക ധനകാര്യ പത്രിക പ്രകാരം Capital Work In Progress ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹29,60,444/- രൂപയാണ്.

11. ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിലെ 20,00,000/-രൂപ RP 31 പ്രകാരം ലൈഫ് ലോണിനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

12. ലൈഫ്-ലോൺ ഇനത്തിൽ വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 3,68,86,001/-രൂപ ആണെങ്കിലും ബാലൻസ് ഷീറ്റിലെ ബി5 ഷെഡ്യൂളിൽ വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി ഉൾപ്പെടുത്തിയിട്ടുള്ളത് 3,68,86,000/-രൂപയാണ്.

13. പ്രോജക്ട് നം. 146/21-22 പ്രകാരമുള്ള ചെലവ് 668937/-രൂപ സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. ICDS സെൻട്രൽ ഷെയർ ഇനത്തിലെ 2507705/-രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | ₹33180076/- |
| വരവ് | ₹120377738/- |
| ആകെ | ₹153557814/- |
| ചെലവ് | ₹115540942/- |
| നീക്കിയിരിപ്പ് | ₹38016872/- |
| വരവ് നഷ്ടം | - |
| ഓഡിറ്റ് നിരാകരിച്ച തുക | ₹79722/- |
| ഓഡിറ്റ് തടസപ്പെടുത്തിയ തുക | ₹15899376/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23303786/- | 23303786/- | 21801000/- | 1502786/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 16132700/- | 16132700/- | 14548000/- | 1584700/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് (ട്രഷറി) | 0 | 1565136/- | 1565136/- | 694689/- | 870447/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് (ബാങ്ക്) | 0 | 4120582/- | 4120582/- | 2989586/- | 1130996/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് (ട്രഷറി) | 0 | 4202000/- | 4202000/- | 4202000/- | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് (ബാങ്ക്) | 0 | 6090000/- | 6090000/- | 2842140/- | 3247860/- |
| മെയിന്റനൻസ്, റോഡ് | 0 | 14842152/- | 14842152/- | 10274571/- | 4567581/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 8495873/- | 8495873/- | 4269766/- | 4226107/- |
| MNREGS | 406866/- | 1211022/- | 1617888/- | 1617089/- | 799/- |
| (റ്റി.എസ്.സി) | 147156/- | 0 | 147156/- | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ICDS | 305564/- | 743269/- | 1048833/- | 0 | 1048833/- |
| ശുചിത്വമിഷൻ | 1887123/- | 854726/- | 2741849/- | 62844/- | 2679005/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | | | | |
| മറ്റ് സ്കീം | 1008025/- | - | 1008025/- | - | 1008025/- |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയവ | നടപ്പാക്കാത്തവ | പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 193797632/- | 123 | 85480956/- | 43 | 27 | 64% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 406866/- | 1211022/- | 1617888/- | 1617089/- | 799/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 33553060/- | 33553060/- | 33553060/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽ രഹിത വേതനം | 291360/- |
| കർഷക തൊഴിലാളി പെൻഷൻ | 2392400/- |
| വിധവാ പെൻഷൻ | 26913900/- |
| വാർദ്ധക്യ കാല പെൻഷൻ | 40175500/- |
| വികലാംഗ പെൻഷൻ | 8191000/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 300000/- |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2022- 11.50 Am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1939/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

.ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കൃത്യതയുള്ളതും കാലികവുമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2022 | 11/22 | റിപ്പോർട്ട് ലഭിച്ചില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.05.2022 | 10/2021 മുതൽ 3/2022 | 02/07/2022 |

## 1-11 രസീത് ബുക്ക് പരിപാലനത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ രസീത് ബുക്കുകളുടെ പരിപാലനത്തിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. രസീതുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയിൽ തിരുത്തൽ വരുത്തിയിരിക്കുന്നു.

| ക്രമ. നം. | രസീത് ബുക്ക് നമ്പർ / വ്യക്തിയുടെ പേര് | രസീത് നമ്പർ | അക്ഷരത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക (₹) | അക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക (തിരുത്തൽ വരുത്തിയത്) (₹) |
|---|---|---|---|---|
| 1 | 2693/ശ്രീ.അജയകുമാർ | 23 | 69/- | 68/- |
| 2 | 2693/ശ്രീ.അജയകുമാർ | 24 | 420/- | 410/- |
| 3 | 2693/ശ്രീ.അജയകുമാർ | 42 | 2008/- | 1908/- |
| 4 | 2693/ശ്രീ.അജയകുമാർ | 47 | 510/- | 511/- |
| 5 | 2693/ശ്രീ.അജയകുമാർ | 50 | 2046/- | 2054/- |
| 6 | 9150/ശ്രീ.അജയകുമാർ | 92 | 137/- | 147/- |
| 7 | 19140/ശ്രീമതി. ജയശ്രീ | 5 | 415/- | 406/- |
| 8 | 19140/ശ്രീമതി. ജയശ്രീ | 10 | 277/- | 282/- |
| 9 | 2680/ശ്രീമതി. ജയശ്രീ | 47 | 1548/- | 1538/- |

2 ശ്രീ. അജയകുമാറിന്റെ കൈവശമുള്ള ചുവടെ സൂചിപ്പിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തിരിക്കുന്നു. എന്നാൽ ഇവ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല.

19148 /44, 19148 / 45, 19142/9, 19142/28, 19144/28, 19144/77

3. ശ്രീ. അജയകുമാറിന്റെ (ക്ലർക്ക്) കൈവശമുള്ള രസീത് നമ്പർ 19148 / 45 ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി മാർച്ച് മാസത്തിലെ ഊർജ്ജിത നികുതി പിരിവിന്റെ തിരക്ക് മൂലവും ISO സർട്ടിഫിക്കറ്റ് പരിശോധന സംബന്ധിച്ച പ്രാഥമിക നടപടികളുടെ തിരക്ക് മൂലവും വന്ന ക്ലറിക്കൽ പിഴവാണെന്നും തുടർന്ന് വീഴ്ച്ച വരുത്താതെയിരിക്കാൻ ശ്രദ്ധിക്കും എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഭവന പുനരുദ്ധാരണം - പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു.

വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസായി ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഭവന പുനരുദ്ധാരണം-ജനറൽ (27/21-22)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ തുക (₹) |
|---|---|---|---|
| 1 | മായ, മധു ഭവനം | 08.11.21 | 20,000/- |
| 2 | വാസന്തിയമ്മ, നരിപ്ര വടക്കതിൽ | 17.11.21 | 20,000/- |
| 3 | പങ്കജാക്ഷിയമ്മ, വലിയവിള വീട് | 08.12.21 | 20,000/- |
| 4 | വിജോയി ജോസഫ്, ചെക്കാലയിൽ വീട് | 05.01.22 | 20,000/- |
| 5 | മുഹമ്മദ് കുഞ്ഞ്, ചരുവിള പുത്തൻവീട് | 03.02.22 | 20,000/- |
| 6 | ഫാത്തിമ്മബീവി, ഷെമീന മൻസിൽ | 03.02.22 | 20,000/- |

2. ഭവനപുനരുദ്ധാരണം എസ്.സി. (26/21-22)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബിന്ദു, രശ്മിനിവാസ് | 08.11.21 | 25,000/- |
| 2 | കമല, മറ്റത്ത് വിളവീട് | 18.11.21 | 25,000/- |
| 3 | സുജ, പുത്തൻവിള മേലതിൽ | 24.12.21 | 25,000/- |
| 4 | സുമ, കോഡ്സൂർകിഴക്കതിൽ | 24.02.22 | 25,000/- |
| 5 | സരസ്വതി, പുത്തൻപുരതാഴതിൽ | 11.02.22 | 25,000/- |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിൽ പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെ നേരിൽ കണ്ടും കത്ത് മുഖേനയും ബന്ധപ്പെട്ട് പണികൾ പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഒന്നാം ഗഡു കൈപ്പറ്റി, തുടർ ഗഡുക്കൾ കൈപ്പറ്റി പണി പൂർത്തീകരിക്കാത്തതിനാൽ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ 2,45,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കുകയോ, നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 8/21-22, 26.12.22
തടസ്സപ്പെടുത്തിയ തുക – 2,45,000/-രൂപ

## 1-13 ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം-പ്രവർത്തികൾ പൂർത്തീകരിച്ചില്ല

2021-22 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം 109/21-22. ഈ പദ്ധതി പ്രകാരം ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ തുക (₹) |
|---|---|---|---|
| 1 | വിമൽകുമാർ, എസ്.എം.സി60 | 17.02.22 | 7,000/- |
| 2 | രാജു, എ.എസ് ഭവൻ | 15.02.22 | 7,000/- |
| 3 | ബാബു, വടക്കേക്കര പണയിൽവീട് | 07.02.22 | 7,000/- |
| 4 | രാജീവ്, ചിത്രാലയംവീട് | 17.02.22 | 7,000/- |
| 5 | രാഘവൻ, തെറ്റിവിള വീട് | 16.02.22 | 7,000/- |
| 6 | പ്രദീപ്, മാടൻകാവ് വടക്കതിൽ | 19.02.22 | 7,000/- |
| 7 | ഭാസ്കരൻ, തെറ്റിവിള വീട് | 24.02.22 | 7,000/- |
| 8 | രമ, എല്ലുകുഴി ലക്ഷം വീട് | 02.03.22 | 7,000/- |
| 9 | സോമിനി, ഹിമ നിവാസ് | 28.02.22 | 7,000/- |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിൽ പണി പൂർത്തീകരിച്ചിട്ടില്ലാത്ത 9 ഗുണഭോക്താക്കളെ നേരിൽ കണ്ടും കത്ത് മുഖേനയും ബന്ധപ്പെട്ട് പണികൾ പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പണി പൂർത്തീകരിക്കാത്തതിനാൽ ടി ഗുണഭോക്താകൾക്ക് നൽകിയ 63,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ച രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ.8/21-22, 26.12.22
തടസ്സപ്പെടുത്തിയ തുക – 63,000/-രൂപ

## 1-14 പശു വളർത്തൽ - ആനുകൂല്യം ലഭിച്ച ഗുണഭോക്താവ് നിലവിൽ പശുവിനെ വളർത്തുന്നില്ല

പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് പശു വളർത്തൽ എസ്.സി (186/21-22). സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി 4 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം പശുവിനെ നൽകിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം 60,000/- രൂപ വിലയുള്ള പശുവിന് 45,000/- രൂപയാണ് സബ്സിഡിയിനത്തിൽ നൽകിയത്. 15,000/-രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ പഞ്ചായത്തിൽ അടവാക്കുന്നു. ഈ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | പശു വളർത്തൽ എസ്.സി (186/21-22) |
| അടങ്കൽ | ₹1,80,000/-തനത് ഫണ്ട്<br>₹60,000/-ഗുണഭോക്തൃവിഹിതം |
| ചെലവ് | ₹1,80,000/-തനത് ഫണ്ട്<br>₹60,000/-ഗുണഭോക്തൃവിഹിതം<br>(ചെക്ക് നമ്പർ.504906/30.03.22 - ₹2,40,000/-) |

പഞ്ചായത്ത് കമ്മിറ്റിയുടെ 19.03.22 ലെ 2/16ാം തീരുമാനപ്രകാരം പശു വളർത്തൽ എസ്.സി(186/21-22) എന്ന പദ്ധതിയ്ക്കായി പർച്ചേസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനും കറവ പശുക്കളെ സമീപ പഞ്ചായത്തുകളിൽ നിന്നും 60,000/- രൂപ വിലയ്ക്ക് വാങ്ങി ഒരു വർഷത്തേക്ക് ഇൻഷ്വർ ചെയ്യുന്നതിനും തീരുമാനിച്ചു. എന്നാൽ ഈ പദ്ധതി സംബന്ധിച്ച് 24.12.22 ൽ ഭൗതിക പരിശോധന നടത്തിയതിൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീമതി. സുമ, വിജയഭവനം, പുനക്കന്നൂർ, പെരുമ്പുഴ, വാർഡ്.XVI എന്ന ഗുണഭോക്താവ് പശുവിനെ വളർത്തുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഫയൽ പരിശോധിച്ചതിലും, ശ്രീമതി. സുമ ഹാജരാക്കിയ വിലച്ചീട്ട് പ്രകാരവും ശ്രീ.സുശീലൻ, സുരഭി ഭവൻ എന്ന വ്യക്തിയിൽ നിന്നും 28.03.22 ൽ പശുവിനെ വാങ്ങിയിട്ടുള്ളതും ആയത് പർച്ചേസ് കമ്മിറ്റിയുടെ സമക്ഷത്തിൽ കൈമാറ്റം ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സുശീലന്റെ കാനറാ ബാങ്ക്, കടപ്പാക്കട ശാഖയിലെ 2815101011833 എന്ന അക്കൗണ്ടിലേക്ക് 26.03.22 ൽ 60,000/- രൂപ(45000+15000) ക്രഡിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ, പശുവിനെ മൂന്ന വർഷം വളർത്തിക്കൊള്ളാമെന്നും സ്വന്തം ചെലവിൽ ഇൻഷ്വറൻസ് പ്രീമിയം അടച്ച് പുതുക്കി മൂന്ന വർഷകാലയളവിൽ വിൽക്കുകയോ കൈമാറുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുകയില്ലെന്നും അല്ലാത്തപക്ഷം സർക്കാരിനുണ്ടാകുന്ന നഷ്ടം റവന്യൂ റിക്കവറി വഴി ഈടാക്കാമെന്നും സമ്മതിച്ച് വെറ്റിനറി സർജനുമായി ശ്രീമതി. സുമ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ, ശ്രീമതി. സുമ, വിജയഭവനം എന്ന ഗുണഭോക്താവിന് ആനുകൂല്യമായി നൽകിയ പശു ഇപ്പോൾ ഇല്ലെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും റവന്യൂ റിക്കവറി ഉൾപ്പടെയുള്ള തുടർനടപടികൾക്ക ശുപാർശ ചെയ്യുന്നതാണെന്നും വെറ്റിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി. സുമ, വിജയഭവനം എന്ന ഗുണഭോക്താവിന് പശുവിനെ വാങ്ങുന്നതിനായി സബ്സിഡിയിനത്തിൽ നൽകിയ 45,000/-രൂപ പലിശ സഹിതം പ്രസ്തുത ഗുണഭോക്താവിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കവരുത്തി രേഖകൾ ലഭ്യമാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു. അല്ലാത്തപക്ഷം 45,000/-രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ഓഡിറ്റിൽ നിജപ്പെടുത്തുന്നതായിരിക്കും.

ഓഡിറ്റ് എൻക്വയറി .3/21-22, 24.12.22

തടസ്സപ്പെടുത്തുന്ന തുക - 45,000/-രൂപ

## 1-15 ലൈഫ് മിഷൻ ഭവന നിർമ്മാണം- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണത്തിനായി ജനറൽ, എസ്.സി.പി പദ്ധതികൾ വഴി കരാറിൽ ഏർപ്പെട്ട് ഗഡുക്കൾ കൈപ്പറ്റിയ എതാനും ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഒരു ഗുണഭോക്താവിന് ആകെ അനുവദിക്കാവുന്ന തുക 4,00,000/-രൂപയാണ് വിശദവിവരം ചുവടെ ചേർക്കുന്നു.

1. ലൈഫ് ഭവന പദ്ധതി എസ്.സി(104/21-22) സ്പിൽ ഓവർ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ തുക (₹) | ഭവനനിർമ്മാണത്തിന്റെ തൽസ്ഥിതി |
|---|---|---|---|---|
| 1 | ശ്രീമതി. അശ്വതി സിബീഷ്, പൊയ്കയിൽ പുത്തൻവീട് വാർഡ് 9 | 18.06.18 | 40000/- | ഭവനനിർമ്മാണം ഇതു വരെ ആരംഭിച്ചിട്ടില്ല |
| 2 | ധന്യാലക്ഷ്മി, അജിഭവനം വാർഡ് 6 | 12.07.18 | 200000/- | ഫൗണ്ടേഷൻ പൂർത്തീകരിച്ചു |
| 3 | രാധാമണി, എസ്.എം.സി വാർഡ് 19 | 29.03.18 | 40000/- | ഭവനനിർമ്മാണം ഇതു വരെ ആരംഭിച്ചിട്ടില്ല |
| 4 | സിന്ധു.പി.എസ്, ചിറയടി ജയന്തി കോളനി | 6.02.2020 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | | | 6,40,000/- | |

2. ലൈഫ് വീട് നിർമ്മാണം (എസ്.സി) 29/21-22

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ തുക (₹) | ഭവനനിർമ്മാണത്തിന്റെ തൽസ്ഥിതി |
|---|---|---|---|---|
| 1 | വിനീത, നെടുംതറ മേലതിൽ | 10.11.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 2 | ലത സുബ്രമണ്യൻ, കിഴക്കതിൽ വീട് | 15.01.22 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 3 | അശോകൻ, ചരുവിള പുത്തൻവീട് | 07.02.22 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 4 | പൊന്നമ്മ, പുന്നവിള വീട് | 08.02.22 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 5 | രാധാമണി, വിഷ്ണു സദനം | 10.02.22 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 6 | അംബിക ഹരിദാസൻ, കാമ്പി താഴതിൽ വീട് | 11.02.22 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 7 | ലീന സാബു, കിഴക്കേവിള വടക്കതിൽവീട് | 17.02.22 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 8 | ദിവാകരൻ, ചരുവിള വീട് | 03.03.22 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 9 | വസന്ത കുമാരി, രജനി ഭവൻ | 04.08.21 | 40,000/- | ഭവന നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല |
| | | | 29,20,000/- | |

3. ലൈഫ് ഭവന നിർമ്മാണം ജനറൽ 187/21-22

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | കൈപ്പറ്റിയ തുക (₹) | ഭവനനിർമ്മാണത്തിന്റെ തൽസ്ഥിതി |
|---|---|---|---|---|
| 1 | മല്ലിക, ഏറത്ത് വഴി മേലതിൽ | 27.10.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 2 | ശശികല, മായാഭവനം | 26.10.21 | 3,00,000/- | ലിന്റൽ |
| 3 | നാസർ, പള്ളിതെക്കതിൽ വീട് | 20.07.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 4 | സുജാത, ലളിത ഭവനം | 08.07.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 5 | അരവിന്ദാക്ഷൻ പിള്ള, കളക്കാട്ട് താഴതിൽവീട് | 01.07.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 6 | മറിയാമ്മ, റോസ് വില്ല | 20.07.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 7 | ലീലാമണി, പ്രീത ഭവനം | 06.07.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 8 | ലളിത, ചക്കുപുരയ്ക്കൽ വീട് | 06.07.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 9 | ഷൈലജ, നെല്ലിവിള വീട് | 08.11.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 10 | രഞ്ജീവ്, പ്രിയാസദനം | 25.11.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 11 | കവിരാജൻ, കോട്ടൂർവീട് | 05.07.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 12 | മുരളീധരൻ പിള്ള, കുമ്പളംവിള വീട് | 20.12.21 | 3,00,000/- | ലിന്റൽ |
| 13 | മധു, ജയന്തി കോളനി | 03.11.21 | 3,60,000/- | റൂഫ് പൂർത്തീകരിച്ചു |
| 14 | നൂർജഹാൻ, സജിത്ത് മൻസിൽ | 01.07.21 | 3,00,000/- | റൂഫ് പൂർത്തീകരിച്ചു |
| | | | 48,60,000/- | |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ 84,20,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഭവനനിർമ്മാണ പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 7,8/21-22, 26.12.22

## 1-16 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പഠനമുറി നിർമ്മാണം പദ്ധതികൾ പ്രകാരം ആദ്യഗഡു കൈപ്പറ്റിയ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. 2021-22

സാമ്പത്തിക വർഷത്തിൽ രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയത്. പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

A).

| | |
|---|---|
| പ്രോജക്ട് | പാനമുറി എസ്.സി.പി (138/21-22) സ്പിൽ ഓവർ |
| അടങ്കൽ | ₹15,25,000/- (എസ്.സി.പി.) |
| ചെലവ് | ₹13,50,000/- |

| പേര് | കൈപ്പറ്റിയ തുക (₹) | ആകെ അനുവദിച്ച തുക (₹) | ബിൽ നമ്പർ |
|---|---|---|---|
| സുജാത | 50,000/- | 1,75,000/- | 1126736/22-2-21 |
| | 75,000/- | | ബിൽ നമ്പർ.1/21-22, 12-08-21 |
| | 50,000/- | | ബിൽ നമ്പർ.5/21-22, 23-9-21 |
| സുലോചന | 50,000/- | 1,75,000/- | 1126736/22-2-21 |
| | 75,000/- | | 1384518/26-3-21 |
| | 50,000/- | | ബിൽ നമ്പർ.1/21-22, 12-08-21 |
| സിന്ധു | 50,000/- | 1,75,000/- | 1270954/17-3-21 |
| | 75,000/- | | ബിൽ നമ്പർ.1/21-22, 12-08-21 |
| | 50,000/- | | ബിൽ നമ്പർ.5/21-22, 23-9-21 |
| | | 5,25,000/- | |

B).

| | |
|---|---|
| പ്രോജക്ട് | പാനമുറി എസ്.സി.പി(60/21-22) |
| അടങ്കൽ | ₹16,00,000 (എസ്.സി.പി)<br>₹8,00,000/- |
| ചെലവ് | ₹11,25,000/- |

| | പേര് | കൈപ്പറ്റിയ തുക (₹) | ബിൽ നമ്പർ |
|---|---|---|---|
| 1 | സുജാത.കെ | 50,000/- | 14/21-22, 17.01.22 |
| | | 75,000/- | ബിൽ നമ്പർ.15/21-22, 28-01-22 |
| 2 | രമണൻ | 50,000/- | ബിൽ നമ്പർ.15/21-22, 28-01-22 |
| | | 75,000/- | ബിൽ നമ്പർ.21/21-22, 17-03-22 |
| 3 | ഉദയകുമാർ | 50,000/- | ബിൽ നമ്പർ.15/21-22, 28-01-22 |
| 4 | സുരേഷ് | 50,000/- | ബിൽ നമ്പർ.17/21-22, 17-02-22 |
| | | 75,000/- | ബിൽ നമ്പർ.21/21-22, 17-03-22 |
| 5 | ഉണ്ണി.എ | 50,000/- | ബിൽ നമ്പർ.17/21-22, 17-02-22 |
| | | 75,000/- | ബിൽ നമ്പർ.21/21-22, 17-03-22 |
| 6 | രാഗേന്ദു | 50,000/- | ബിൽ നമ്പർ.20/21-22, 25-02-22 |
| 7 | സുജാകുമാരി | 50,000/- | ബിൽ നമ്പർ.20/21-22, 25-02-22 |
| | | 75,000/- | ബിൽ നമ്പർ.21/21-22, 17-03-22 |
| 8 | ഷൈലജ.ബി | 50,000/- | ബിൽ നമ്പർ.21/21-22, 17-03-22 |
| 9 | മണി.എസ് | 50,000/- | ബിൽ നമ്പർ.21/21-22, 17-03-22 |
| 10 | കെ.മധു | 50,000/- | ബിൽ നമ്പർ.21/21-22, 17-03-22 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഈയിനത്തിൽ ചെലവു ചെയ്ത 14,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ. 13/21-22, 27.12.22

തടസ്സപ്പെടുത്തുന്ന തുക – 14,00,000/-രൂപ

## 1-17 ലൈഫ് ഭവന പദ്ധതി- തുക തിരിച്ചടച്ചത് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല

വി.ഇ.ഒ (ഇളമ്പള്ളൂർ സർക്കിൾ) നിർവഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് ലൈഫ് ഭവന നിർമ്മാണം (എസ്.സി) 29/21-22. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ. വസന്തൻ, തൊടിയിൽ വീട്, പുനക്കന്നൂർ, വാർഡ്-21 എന്ന ഗുണഭോക്താവിന് വികസനഫണ്ട്(എസ്.സി.പി) യിൽ നിന്ന് ആദ്യഗഡുവായി നൽകിയ 40,000/- രൂപ (ബിൽ നമ്പർ.27/21-22, 28.1.22) രസീത് നമ്പർ. 1210105799/11.03.22 പ്രകാരം പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ 40,000/- രൂപ ബന്ധപ്പെട്ട ഫണ്ടിലേക്ക് നാളിതുവരെ ഒടുക്കുവരുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ 40,000/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. 40,000/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ.7/21-22, 26.12.22

## 1-18 വൃദ്ധർക്ക് കട്ടിൽ-കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു

2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതിയാണ് വൃദ്ധർക്ക് കട്ടിൽ (66/21-22). പദ്ധതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | വൃദ്ധർക്ക് കട്ടിൽ(66/21-22) |
| അടങ്കൽ | ₹2,47,125/- (എസ്.സി.പി) |
| ചെലവ് | ₹2,47,125/- (ബിൽ നമ്പർ. 22/21-22, 19.03.22) |

ഈ പദ്ധതിയ്ക്കായി ടെണ്ടർ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ചൈത്രം ഇൻഡസ്ട്രീസിൽനിന്നും 75 കട്ടിലുകൾ വാങ്ങിയിട്ടുണ്ട് (3295X75). 75 കട്ടിലുകൾ വാങ്ങിയിട്ടുണ്ടെങ്കിലും, വിതരണരജിസ്റ്റർ പരിശോധിച്ചതിൽ 67 കട്ടിലുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്ന് കാണുന്നു. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ 8 കട്ടിലുകൾ വിതരണം ചെയ്യാതെ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് വിതരണം ചെയ്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന 8 കട്ടിലുകളുടെ വിലയായ 26,360/-രൂപ (8X3295) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തടസ്സം- 26,360/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ.13/21-22, 27.12.22

## 1-19 കുറഞ്ഞ ടെൻഡർ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി പ്രോജക്ട് പ്രകാരം വാങ്ങൽ നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

പ്രോജക്ട് നം. 161/22 - ഗ്രന്ഥശാലകൾക്ക് അലമാര വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്സ്

അടങ്കൽ – ₹1,30,000/- (തനതു ഫണ്ട്)

ചെലവ് – ₹1,10,500/- (ചെക്ക് നം. 4310047/13.10.2021)

2021-22 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഗ്രന്ഥശാലകൾക്ക് അലമാര വാങ്ങൽ എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന 15 ഗ്രന്ഥശാലകൾക്ക് അലമാര വാങ്ങി നൽകുന്നതിനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചപ്പോൾ കുറഞ്ഞ

ടെൻഡർ നിരക്ക് രേഖപ്പെടുത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്ക് രേഖപ്പെടുത്തിയ പ്രണവം ഇൻഡസ്ട്രീസ് (ഒരു അലമാര ₹8,500/- നിരക്കിൽ) എന്ന സ്ഥാപനത്തിൽ നിന്നമാണ് 13 അലമാരകൾ വാങ്ങി വിതരണം നടത്തിയിട്ടുള്ളത്.

മറ്റ് സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്കുകൾ :-

1) ശബരി സ്റ്റീൽ ഫർണിച്ചർ - ₹7,468/അലമാര

3) തമ്പുരാൻ കാരയിൽ ട്രേഡ് ലിങ്ക്സ്- ₹8,440/അലമാര

2) വിഷ്ണ സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ് - ₹7,995/അലമാര

കുറഞ്ഞ ടെൻഡർ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/23.12.22) കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനം ടെൻഡറിനൊപ്പം നിരതദ്രവ്യം ഒടുക്കാത്തതിനെ തുടർന്നാണ് ടി സ്ഥാപനത്തെ ഒഴിവാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല. ഈ ഇനത്തിൽ അധികമായി അനുവദിച്ച 6,565/- രൂപ (13x(8500-7995)) രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം. 15/22

പ്രോജക്ടിന്റെ പേര്- ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ- ₹1,50,000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ്- ₹1,50,000/- ( മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

2021-22 സാമ്പത്തിക വർഷം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് 1,50,000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ വഴി 23.02.2022 ൽ ഹോംകോയ്ക്ക് അനുവദിച്ചു. എന്നാൽ നാളിതുവരെ ഈ ഇനത്തിൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ ഹോംകോയ്ക്ക് നൽകിയ 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രേഖകൾ ഹാരജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് തടസ്സം - ₹1,50,000/-

ഓഡിറ്റ് എൻക്വയറി- 9/26.12.2022

## 1-21 വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക (₹) | ബിൽ/ചെക്ക് നം |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ നിർമ്മാണം (169/22)<br>അടങ്കൽ തുക-₹3,67,673/- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 3,40,668/- | 358, തീ 30-03-22 |
| | ജീവനം (84/22)<br>അടങ്കൽ തുക-₹1,00,000/- (വികസന ഫണ്ട്) | സെക്രട്ടറി, ജില്ലാപഞ്ചായത്ത്, കൊല്ലം | 1,00,000/- | 9, തീ 23-12-2021 |
| 3 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (218/22)<br>അടങ്കൽ തുക-₹42,02,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കേരളാ വാട്ടർ അതോറിറ്റി | 42,02,000/- | 379 തീ 26-03-2022 |
| 4 | ജില്ലാ ആസൂത്രണസമിതി | ജില്ലാ പ്ലാനിംഗ് | 1,50,000/- | 8, തീ 20-10-2021 |

| | | | | |
|---|---|---|---|---|
| | മന്ദിരനിർമ്മാണത്തിന് വിഹിതം നല്കൽ (165/22)<br>അടങ്കൽ തുക-₹1,50,000/- (വികസന ഫണ്ട്) | ഓഫീസർ, കൊല്ലം | | |
| 5 | ഗതാഗത തടസ്സം നില്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (189/22)<br>അടങ്കൽ തുക-₹3,00,000/- (തനത് ഫണ്ട്) | കെ. എസ് ഇ ബി | 94,347/- | ചെക്ക് നം 504877 തീ 03-03-2022 |
| | | ആകെ | 48,87,015/- | |

വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഒടുക്കവരുത്തിയിട്ടുള്ള 48,87,015/-രൂപാ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക-48,87,015/-രൂപ

ഓഡിറ്റ് അന്വേഷണം- 05, 26-12-2022

## 1-22 വെള്ളക്കരം പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

കേരളാ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിൽ 318 പൊതുടാപ്പുകളുണ്ട്. പ്രതിമാസ വെള്ളക്കരം 1,46,095/-രൂപയാണ്. 2021-22 സാമ്പത്തിക വർഷം 12 മാസത്തെ വെള്ളക്കരം ഇനത്തിൽ 12 X 146095 = ₹17,53,140/-രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരളാവാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതു സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൽ സംയുക്തപരിശോധനയ്ക്കായി കേരളാ വാട്ടർ അതോറിറ്റിക്ക് കത്തും ഓർമ്മക്കുറിപ്പുകളും നല്കിയിട്ടുള്ളതാണെന്നും, ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്നും മറുപടി നല്കി. സംയുക്തപരിശോധന സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ടായിട്ടും കാര്യക്ഷമമായ നടപടികൾ ഒന്നും തന്നെ സ്വീകരിക്കാതെ 318 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻതുക ഒടുക്കിവരുകയാണ്.

സംയുക്തപരിശോധനയ്ക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതും, പൊതു ടാപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി ഗാർഹിക കണക്ഷനുകൾ നല്കുന്നതിന് പ്രാധാന്യം നല്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം- 05, തീ 26-12-2022

## 1-23 ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - ക്രമപ്രകാരമുള്ള കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1) പ്രോജക്ട്-ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ സ്കാനർ വാങ്ങൽ (08/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക- ₹4,00,000/-(തനത് ഫണ്ട്)

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന കമ്പ്യൂട്ടർ ഉപകരണങ്ങൾ ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് വാങ്ങി.

| ക്ര.നം | ഇനം | എണ്ണം | തുക (₹) | ചെക്ക് നം |
|---|---|---|---|---|
| 1 | Heavy Duty Scanner | 1 | 1,48,016/- | 6516929, തീ 15-03-22 |
| 2 | Acer Laptop | 5 | 2,24,992/- | 6516929, തീ 15-03-2022 |
| | | | 3,73,008/- | |

1) പ്രോജക്ട്-ഗ്രാമ പഞ്ചായത്ത് ഓഫീസ് സേവാ കേന്ദ്രത്തിന് കമ്പ്യൂട്ടർ സ്കാനർ വാങ്ങൽ (177/22)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക- ₹1,50,000/- (തനത് ഫണ്ട്)

ടി പ്രോജക്റ്റ് പ്രകാരം ചെക്ക് നം 504901, തീയതി 17-03-2022 പ്രകാരം 79,993/- രൂപാ ചെലവഴിച്ച് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങി.

കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിലെടുത്ത്, സാക്ഷ്യപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി മേൽ 2 പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച 4,53,001/-രൂപ തടസ്സപ്പെടുത്തുന്നു. ക്രമപ്രകാരം കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 4,53,001/- രൂപ.

ഓഡിറ്റ് അന്വേഷണം - നം 5, 26-12-2022

## 1-24 ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി നൽകാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 സെക്ഷൻ 204 (1) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുന്ന ഏതൊരു വ്യക്തിയും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥനാണ്. ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതായി ഓഡിറ്റിന് നേരിട്ട് കണ്ട് ബോധ്യപ്പെട്ട ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തിയതായി ബോധ്യപ്പെട്ടില്ല.

1. യൂണിയൻ ഡ്രൈവിങ്ങ് സ്കൂൾ , ഇളമ്പള്ളൂർ
2. ഷഹനാസ് ബ്യൂട്ടി പാർലർ, ഇളമ്പള്ളൂർ
3 ബ്രദേർസ് ITI, ഹോസ്പ്പിറ്റൽ ജംഗ്ഷൻ
4. വൈറ്റ് പേൾ ഫാൻസി സ്റ്റോൾ, മുക്കട
5. അടുക്കള റെസ്റ്റോറന്റ്, മുക്കട
6. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ
7. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ
8. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾ
9. ഗ്രാമപഞ്ചായത്ത് പരിധിയിൽ പൊതുമരാമത്ത് പ്രവർത്തികൾ നിർവ്വഹിക്കുന്ന കരാറുകാർ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാം എന്ന് മറുപടി ലഭിച്ചു. മേൽ സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും ഇത്തരത്തിലുള്ള ഇതര സ്ഥാപനങ്ങളിൽ / വ്യക്തികളിൽ നിന്നും തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 12/27.12 22

## 1-25 മൂലധന നിക്ഷേപത്തിന് ആനുപാതികമായി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ള സ്ഥാപനം ഏത് മേഖലയിൽപ്പെടുന്നതാണെന്നോ (ഉൽപ്പാദനം, സേവനം), ആയതിന്റെ മൂലധന നിക്ഷേപം എത്രയെന്നോ വ്യക്തമാക്കാതെ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയ പഴയ മാതൃകയിലുള്ള ഫോറത്തിലാണ് ഭൂരിഭാഗം അപേക്ഷകരും ലൈസൻസിനായി അപേക്ഷിച്ചിരിക്കുന്നത്.

2) അപേക്ഷ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ സ്ഥാപനമേഖല, മൂലധന നിക്ഷേപം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

3) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 7 ലെ പട്ടിക II-ൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടുന്ന വാർഷിക ലൈസൻസ് ഫീസ് എത്രയെന്ന് വ്യക്തമാക്കുന്നുണ്ട്. അസീസി അറ്റോൺമെന്റ് ആശുപത്രി സമർപ്പിച്ച ലൈസൻസിനായുള്ള അപേക്ഷയോടൊപ്പം ഹാജരാക്കിയ പൊലൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റിൽ മൂലധന നിക്ഷേപമായി 2.44 കോടി രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത് ഇതിന് ആനുപാതികമായി വാങ്ങാവുന്ന ലൈസൻസ് ഫീസ് 10,000/- രൂപയാണ്. എന്നാൽ ലൈസൻസ് ഇനത്തിൽ 5,000/- രൂപ മാത്രമേ ടി സ്ഥാപനത്തിൽ നിന്ന് ഈടാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നിലവിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തി ചട്ടങ്ങളിൽ നിർദ്ദേശിക്കും പ്രകാരമുള്ള ലൈസൻസ് ഫീസാണ് ഈടാക്കുന്നത് എന്നും, അസീസി അറ്റോൺമെന്റ് ഹോസ്പിറ്റലിൽ നിന്നും ആനുപാതികമായ ലൈസൻസ് ഫീസ് ഈടാക്കുന്നതാണ് എന്നും മറുപടി ലഭിച്ചു. ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/24.12.22.

## 1-26 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

മഴക്കാല പൂർവ്വ ശുചീകരണം പദ്ധതിക്കായി വാർഡ് ഒന്നിന് 10,000/- രൂപ നിരക്കിൽ 21 വാർഡുകൾക്ക് 2,10,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 750550/09.06.21 പ്രകാരം പിൻവലിച്ച് മെഡിക്കൽ ഓഫീസർ പി.എച്ച്.സി.ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/28.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 2,10,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. – 16/28.12.22

തടസ്സപ്പെടുത്തിയ തുക – 2,10,000/-രൂപ

## 1-27 ദിവസവേതന ജീവനക്കാരന് സർക്കാർ നിശ്ചയിച്ച നിരക്കിൽ അധികമായി വേതനം അനുവദിച്ചു.

11.02.2021 തീയതിയിലെ സ.ഉ.(പി.) നം.29/2021 ധന. ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് അനുവദിക്കാവുന്ന പരമാവധി വേതനം പ്രതിദിനം 730/- രൂപ നിരക്കിൽ പ്രതിമാസം പരമാവധി 19,710/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർ ആയി ജോലി ചെയ്യുന്ന വ്യക്തിക്ക് ഓഡിറ്റ് വർഷം മൂന്ന് മാസങ്ങളിൽ സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അനുവദിച്ച തുക (₹) | പരമാവധി അനുവദിക്കാവുന്ന തുക (₹) | ചെക്ക് നമ്പർ തീയതി |
|---|---|---|---|
| 03/21 | 22630/- | 19710/- | 261758/03.04.21 |
| 05/21 | 21170/- | 19710/- | 365713/02.06.21 |
| 06/21 | 20440/- | 19710/- | 750625/01.07.21 |

ജി.ഒ.(പി)119/2019 ധന തീയതി 30.08.2019 ഉത്തരവ് പ്രകാരം 27 ദിവസത്തിലധികം ജോലി ചെയ്യുന്ന ഡ്രൈവർക്ക് മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അധികവേതനത്തിനർഹതയുണ്ട്. എന്നാൽ ഫയലിനൊപ്പം മേലധികാരിയുടെ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. ടി മാസങ്ങളിൽ ഡ്രൈവർ അധികമായി ജോലി ചെയ്തത് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-28 കാലിത്തീറ്റ സബ്സിഡി- ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ചെലവിനേക്കാൾ സബ്സിഡി അനുവദിച്ചു.

പ്രോജക്ട് നം.24/22

കാലിത്തീറ്റ സബ്സിഡി

നിർവ്വഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ

2021-22 സാമ്പത്തിക വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതിയിൽ

ഗുണഭോക്താക്കളായ ക്ഷീരകർഷകർക്ക് കാലിത്തീറ്റ അനുവദിക്കുമ്പോൾ കാലിത്തീറ്റ വിലയുടെ 50 ശതമാനം ക്ഷീരസംഘങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ ക്ഷീരസംഘങ്ങൾ സമർപ്പിച്ച കാലിത്തീറ്റ വാങ്ങിയ ബില്ലിലെ തുകയുടെ 50 ശതമാനത്തേക്കാൾ കൂടിയ തുകയാണ് സബ്സിഡിയായി അനുവദിച്ചത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1. കുണ്ടറ ക്ഷീരോത്പാദക സഹകരണ സംഘം പ്രദേശത്തെ 83 ക്ഷീരകർഷകർക്ക് 3 ബാഗ് കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റ വീതം അനുവദിച്ചതിന് ബാഗ് ഒന്നിന് 672.5 രൂപ വീതം ആകെ 1,67,452/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം സമർപ്പിച്ച ബില്ലുകൾ പ്രകാരം ഈ കാലിത്തീറ്റ ഇനത്തിന് ബാഗ് ഒന്നിന്റെ വില 1,237/- രൂപ മാത്രമാണ്. ആയത് പ്രകാരം ബാഗ് ഒന്നിന്റെ സബ്സിഡി തുകയായി അനുവദിക്കാവുന്നത് 618.5/- രൂപ മാത്രമാണ്. 83 ക്ഷീര കർഷകരിൽ നിന്നായി ആകെ 249 ബാഗുകൾക്ക് സബ്സിഡി ആയി 13,446/- രൂപ അധികമായി അനുവദിച്ചു.

2. ചെറിയേല ക്ഷീരോത്പാദക സഹകരണ സംഘം 16 ക്ഷീരകർഷകർക്ക് 3 ബാഗ് വീതം മിൽമാ ഗോൾഡ് കാലിത്തീറ്റയും 19 ക്ഷീരകർഷകർക്ക് 3 ബാഗ് വീതം മിൽമാ റിച്ച് കാലിത്തീറ്റയും അനുവദിച്ചതിന് ആകെ 68220/- രൂപ സബ്സിഡി ആയി നൽകിയിട്ടുണ്ട്. ടി സ്ഥാപനം സമർപ്പിച്ച ബില്ലുകൾ പ്രകാരം മിൽമാ ഗോൾഡ് കാലിത്തീറ്റ ബാഗ് ഒന്നിന്റെ വില 1189/- രൂപയും മിൽമാ റിച്ച് കാലിത്തീറ്റ ബാഗ് ഒന്നിന്റെ വില 1125/- രൂപയുമാണ്. എന്നാൽ സബ്സിഡി കണക്കാക്കിയത് മിൽമാ ഗോൾഡ് ബാഗ് ഒന്നിന് 1370/- രൂപ നിരക്കിലും മിൽമാ റിച്ച് ബാഗ് ഒന്നിന് 1240/- രൂപ നിരക്കിലുമാണ്. ഇത് മൂലം സബ്സിഡി ആയി 7621.5 രൂപ അധികമായി അനുവദിച്ചു.

മേൽപറഞ്ഞ രണ്ടു ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്കും സബ്സിഡി ആയി 21067/- രൂപ (13446+7621.5) അധികമായി അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/26.12.22) ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ തങ്ങളുടെ ലാഭം കൂടി കണക്കാക്കിയാണ് സബ്സിഡി ഈടാക്കുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കുന്നില്ല. സബ്സിഡി ആയി അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ഡി.എ. അരിയർ തുക അനുവദനീയമായതിലും അധികമായി അനുവദിച്ചു.

സ.ഉ.(പി.) നം.25/2021 പ്രകാരം അനുവദിച്ച ഡി.എ. അരിയർ കണക്കാക്കി ജി.പി.എഫിൽ ഒടുക്കുവരുത്തിയപ്പോൾ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് അനുവദനീയമായതിലും അധികമായി തുക അനുവദിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം. 22100125/26.05.21

ചെക്ക് നം. 6232798/26.04.21

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം അനുവദിനീയമായ തുക (₹) | വൗച്ചർ പ്രകാരം അനുവദിച്ച തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|
| 1 | ശ്രീമതി സുശീല ഇ | 105801/- | 111696/- | 5895/- |
| 2 | ശ്രീമതി.ബിന്ദു.ജെ | 97414/- | 98512/- | 1098/- |
| 3 | ശ്രീമതി.ആമിനാ ബീവി | 99708/- | 105306/- | 5598/- |
| 4 | ശ്രീമതി. പാർവ്വതി ഗോപകുമാർ | 82542/- | 87123/- | 4581/- |
| 5 | ശ്രീമതി.ദീപ ബി എസ് | 82542/- | 88502/- | 5960/- |
| 6 | ശ്രീ അജയകുമാർ പി ആർ | 81145/- | 85360/- | 4215/- |
| 7 | ശ്രീമതി ജയശ്രീ സി റ്റി | 77938/- | 78793/- | 855/- |
| 8 | ശ്രീ ഷിബു ഗോപിനാഥ് | 38312/- | 42893/- | 4581/- |
| 9 | ശ്രീമതി സുഹാന എസ് | 34989/- | 39570/- | 4581/- |
| 10 | ശ്രീമതി ശ്യാമള ടി കെ | 73164/- | 78309/- | 5145/- |
| 11 | ശ്രീമതി വീണ എസ് | 92177/- | 96758/- | 4581/- |
| ആകെ | | 865732/- | 912822/- | 47090/- |

ഇത് സംബന്ധിച്ച് 28.12.2022ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡി.എ. അരിയർ ഇനത്തിൽ അധികമായി അനുവദിച്ച 47,090/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 1-30 പിൻവലിക്കാൻ അനുമതി നല്കിയ തുകേയേക്കാൾ അധികം തുക പിൻവലിച്ചു

സെക്രട്ടറിയുടെ 31-03-2022 ലെ 400324/DPE04/General Administration 2022/2593 ഉത്തരവു പ്രകാരം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി തനതുഫണ്ടിൽനിന്നും 4,15,000/- രൂപ പിൻവലിക്കുന്നതിന് അനുമതി നല്കി. എന്നാൽ വൗച്ചർ നം. 220144 തീ 31-03-2022, (ചെക്ക് നം 6516936 തീ 30-03-2022) പ്രകാരം പിൻവലിച്ചിട്ടുള്ള തുക 4,20,000/- രൂപയാണ്. 5,000/- രൂപ അധികമായി പിൻവലിച്ചതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 18, തീ 29-12-2022)ന് 4,15,000/- രൂപയുടെ Payment Order ആണ് നല്കിയിട്ടുള്ളതെങ്കിലും 4,20,000/-രൂപയുടെ ചെക്ക് നല്കിയിട്ടുണ്ടെന്നുള്ള മറുപടി നല്കി. അധികമായി നല്കിയ 5,000/- രൂപ നിരാകരിക്കുന്നു. ടി തുക അധികതുകയ്ക്ക് ചെക്ക് നല്കിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരണം-5,000/-രൂപ

ഓഡിറ്റ് അന്വേഷണം നം 18, തീ 29-12-2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുറഞ്ഞ ടെൻഡർ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി പ്രോജക്റ്റ് പ്രകാരം വാങ്ങൽ നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

പ്രോജക്റ്റ് നം. 161/22- ഗ്രന്ഥശാലകൾക്ക് അലമാര വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ്സ്
അടങ്കൽ – 1,30,000/-രൂപ (തനത് ഫണ്ട്)
ചെലവ് -1,10,500/-രൂപ (ചെക്ക് നം. 4310047/13.10.2021)

2021-22 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഗ്രന്ഥശാലകൾക്ക് അലമാര വാങ്ങൽ എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന 15 ഗ്രന്ഥശാലകൾക്ക് അലമാര വാങ്ങി നൽകുന്നതിനായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചപ്പോൾ കുറഞ്ഞ ടെൻഡർ നിരക്ക് രേഖപ്പെടുത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്ക് രേഖപ്പെടുത്തിയ പ്രണവം ഇൻഡസ്ട്രീസ് (ഒരു അലമാര 8,500/-രൂപ നിരക്കിൽ) എന്ന സ്ഥാപനത്തിൽ നിന്നുമാണ് 13 അലമാരകൾ വാങ്ങി വിതരണം നടത്തിയിട്ടുള്ളത്.

മറ്റു സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ നിരക്കുകൾ

1) ശബരി സ്റ്റീൽ ഫർണിച്ചർ - ₹7,468/അലമാര
2) വിഷ്ണു സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ് - ₹7,995/അലമാര
3) തമ്പുരാൻ കാരയിൽ ട്രേഡ് ലിങ്ക്സ്- ₹8,440/അലമാര

കുറഞ്ഞ ടെൻഡർ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/23.12.22) കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനം ടെൻഡറിനൊപ്പം നിരതദ്രവ്യം ഒടുക്കാത്തതിനെ തുടർന്നാണ് ടി സ്ഥാപനത്തെ ഒഴിവാക്കിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളെ

ഒഴിവാക്കിയതിന്റെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല. ഈ ഇനത്തിൽ അധികമായി അനുവദിച്ച തുക 6,565/- രൂപ (13x(8500-7995)) തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 2/23.12.22

നിരാകരിച്ച തുക – 6,565/-രൂപ

## 3-2 കാലിത്തീറ്റ സബ്സിഡി- ഹാജരാക്കിയ ബില്ലുകൾ പ്രകാരമുള്ള ചെലവിനേക്കാൾ സബ്സിഡി അനുവദിച്ചു.

പ്രോജക്റ്റ് നം. 24/22

കാലിത്തീറ്റ സബ്സിഡി

നിർവ്വഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്പെക്ടർ

2021-22 സാമ്പത്തിക വർഷം ഡയറി ഫാം ഇൻസ്പെക്ടർ നടപ്പാക്കിയ കാലിത്തീറ്റ സബ്സിഡി എന്ന പദ്ധതിയിൽ ഗുണഭോക്താക്കളായ ക്ഷീരകർഷകർക്ക് കാലിത്തീറ്റ അനുവദിക്കുമ്പോൾ കാലിത്തീറ്റ വിലയുടെ 50 ശതമാനം ക്ഷീരസംഘങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതായിരുന്നു പദ്ധതി ലക്ഷ്യം. എന്നാണ് ക്ഷീരസംഘങ്ങൾ സമർപ്പിച്ച കാലിത്തീറ്റ വാങ്ങിയ ബില്ലിലെ തുകയുടെ 50 ശതമാനത്തേക്കാൾ കൂടിയ തുകയാണ് സബ്സിഡിയായി അനുവദിച്ചത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1. കുണ്ടറ ക്ഷീരോത്പാദക സഹകരണ സംഘം പ്രദേശത്തെ 83 ക്ഷീരകർഷകർക്ക് 3 ബാഗ് കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റ വീതം അനുവദിച്ചതിന് ബാഗ് ഒന്നിന് 672.5 രൂപ വീതം ആകെ 1,67,452/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം സമർപ്പിച്ച ബില്ലുകൾ പ്രകാരം ഈ കാലിത്തീറ്റ ഇനത്തിന് ബാഗ് ഒന്നിന്റെ വില 1,237/- രൂപ മാത്രമാണ്. ആയത് പ്രകാരം ബാഗ് ഒന്നിന്റെ സബ്സിഡി തുകയായി അനുവദിക്കാവുന്നത് 618.5/- രൂപ മാത്രമാണ്. 83 ക്ഷീരകർഷകരിൽ നിന്നായി ആകെ 249 ബാഗുകൾക്ക് സബ്സിഡി ആയി 13,445.5 രൂപ അധികമായി അനുവദിച്ചു.

2. ചെറിയേല ക്ഷീരോത്പാദക സഹകരണ സംഘം 16 ക്ഷീരകർഷകർക്ക് 3 ബാഗ് വീതം മിൽമാ ഗോൾഡ് കാലിത്തീറ്റയും 19 ക്ഷീരകർഷകർക്ക് 3 ബാഗ് വീതം മിൽമാ റിച്ച് കാലിത്തീറ്റയും അനുവദിച്ചതിന് ആകെ 68,220/-രൂപ സബ്സിഡി ആയി നൽകിയിട്ടുണ്ട്. ടി സ്ഥാപനം സമർപ്പിച്ച ബില്ലുകൾ പ്രകാരം മിൽമാ ഗോൾഡ് കാലിത്തീറ്റ ബാഗ് ഒന്നിന്റെ വില 1,189/- രൂപയും മിൽമാ റിച്ച് കാലിത്തീറ്റ ബാഗ് ഒന്നിന്റെ വില 1,125 രൂപയുമാണ്. എന്നാണ് സബ്സിഡി കണക്കാക്കിയത് മിൽമാ ഗോൾഡ് ബാഗ് ഒന്നിന് 1,370/- രൂപ നിരക്കിലും മിൽമാ റിച്ച് ബാഗ് ഒന്നിന് 1,240/- രൂപ നിരക്കിലുമാണ്. ഇത് മൂലം സബ്സിഡി ആയി 7,621.5 രൂപ അധികമായി അനുവദിച്ചു.

മേൽപറഞ്ഞ രണ്ടു ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്കും സബ്സിഡി ആയി 21,067/- രൂപ (13445.5+7621.5) അധികമായി അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/26.12.22) ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ തങ്ങളുടെ ലാഭം കൂടി കണക്കാക്കിയാണ് സബ്സിഡി ഈടാക്കുന്നതെന്ന മറുപടി അംഗീകരിക്കുന്നില്ല. സബ്സിഡി ആയി അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക – 21,067/-രൂപ

## 3-3 ഡി.എ. അരിയർ - അനുവദനീയമായതിലും അധികം തുക അനുവദിച്ചു.

സ.ഉ.(പി.) നം.25/2021 പ്രകാരം അനുവദിച്ച ഡി.എ. അരിയർ കണക്കാക്കി ജി.പി.എഫിൽ ഒടുക്കുവരുത്തിയപ്പോൾ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് അനുവദനീയമായതിലും അധികമായി തുക അനുവദിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നം. 22100125/26.05.21

ചെക്ക് നം. 6232798/26.04.21

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം അനുവദിനീയമായ തുക (₹) | വൗച്ചർ പ്രകാരം അനുവദിച്ച തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|
| 1 | ശ്രീമതി സുശീല ഇ | 105801/- | 111696/- | 5895/- |

| | | | | |
|---|---|---|---|---|
| 2 | ശ്രീമതി.ബിന്ദു.ജെ | 97414/- | 98512/- | 1098/- |
| 3 | ശ്രീമതി.ആമിനാ ബീവി | 99708/- | 105306/- | 5598/- |
| 4 | ശ്രീമതി. പാർവ്വതി ഗോപകുമാർ | 82542/- | 87123/- | 4581/- |
| 5 | ശ്രീമതി.ദീപ ബി എസ് | 82542/- | 88502/- | 5960/- |
| 6 | ശ്രീ അജയകുമാർ പി ആർ | 81145/- | 85360/- | 4215/- |
| 7 | ശ്രീമതി ജയശ്രീ സി റ്റി | 77938/- | 78793/- | 855/- |
| 8 | ശ്രീ ഷിബു ഗോപിനാഥ് | 38312/- | 42893/- | 4581/- |
| 9 | ശ്രീമതി സുഹാന എസ് | 34989/- | 39570/- | 4581/- |
| 10 | ശ്രീമതി ശ്യാമള ടി കെ | 73164/- | 78309/- | 5145/- |
| 11 | ശ്രീമതി വീണ എസ് | 92177/- | 96758/- | 4581/- |
| ആകെ | | 865732/- | 912822/- | 47090/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡി.എ. അരിയർ ഇനത്തിൽ അധികമായി അനുവദിച്ച 47,090/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 15/28.12.2022

നിരാകരിച്ച തുക – 47,090/-രൂപ

## 3-4 പിൻവലിക്കാൻ അനുമതി നല്കിയ തുകയേക്കാൾ അധികം തുക പിൻവലിച്ചു

സെക്രട്ടറിയുടെ 31-03-2022 ലെ 400324/DPE04/General Administration 2022/2593 ഉത്തരവുപ്രകാരം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി തനതുഫണ്ടിൽനിന്നും 4,15,000/- രൂപ പിൻവലിക്കുന്നതിന് അനുമതി നല്കി. എന്നാൽ വൗച്ചർ നം 220144 തീ 31-03-2022, ചെക്ക് നം. 6516936 തീ 30-03-2022 പ്രകാരം പിൻവലിച്ചിട്ടുള്ള തുക 4,20,000/- രൂപയാണ്. 5,000/-രൂപ അധികമായി പിൻവലിച്ചതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 18, തീ 29-12-2022) 4,15,000/-രൂപയുടെ Payment Order ആണ് നല്കിയിട്ടുള്ളതെങ്കിലും 4,20,000/- രൂപയുടെ ചെക്ക് നല്കിയിട്ടുണ്ടെന്നുള്ള മറുപടി നല്കി. അധികമായി നല്കിയ 5,000/- രൂപ നിരാകരിക്കുന്നു. ടി തുക അധികതുകയ്ക്ക് ചെക്ക് നല്കിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരണം - 5,000/- രൂപ

ഓഡിറ്റ് അന്വേഷണം നം - 18, തീ 29-12-2022

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2021-22 | 26.12.2022 | കെ.എസ്.എ.കെ.എൽ.എം.പി7/45/23 തീയതി 30.03.2023 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| ബ്ലോക്ക് | ലൈഫ് വസ്തു വാങ്ങൽ | 2,98,000/- | 2,98,000/- | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന നിർമ്മാണം എസ് സി | 3,60,000/- | 3,60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | സമഗ്ര നെൽകൃഷി വികസനം | 2,67,546/- | 2,67,546/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | അനുപൂരക പോഷകാഹാരം | 1,25,000/- | 1,25,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | അനുപൂരക പോഷകാഹാരം എസ് സി പി | 2,53,040/- | 2,53,040/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000/- | 2,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | കുരുമുളക് ഗ്രാമം | 1,10,000/- | 1,10,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | വിശപ്പുരഹിത കേരളം | 20,000/- | 20,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | തടത്തിൽ ക്ഷേത്രം റോഡ് പുനരുദ്ധാരണം | 5,00,000/- | 5,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന നിർമ്മാണം ജനറൽ | 10,18,508/- | 10,18,508/- | 0 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് വസ്തു വാങ്ങൽ ജനറൽ | 4,00,000/- | 4,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന നിർമ്മാണം എസ് സി | 6,40,000/- | 6,40,000/- | 0 |
| ജില്ലാ പഞ്ചായത്ത് | അനുപൂരക പോഷകാഹാരം | 1,50,000/- | 1,50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | അനുപൂരക പോഷകാഹാരം എസ് സി പി | 3,13,731/- | 3,13,731/- | 0 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1020000/- | 10,20,000/- | 0 |
| കൊല്ലം കോർപ്പറേഷൻ | വില്ലൂർകുളം കൊരണ്ടിപ്പള്ളിക്കുളം നവീകരണം | 28,55,838/- | 28,55,838/- | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം വിവിധ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|
| ഭൂജല വകുപ്പ് | പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ നിർമ്മാണം | 3,40,668/- | 3,40,668/- | 0 |
| കേരള വാട്ടർ | പൈപ്പ് ലൈൻ | 42,02,000/- | 42,02,000/- | 0 |

| | | | | |
|---|---|---|---|---|
| അതോറിറ്റി | എക്സ്റ്റൻഷൻ | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പാ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പാ ഇനത്തിൽ വരവ് ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടിച്ച തുക (₹) | വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുക (₹) |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | | 4,00,83,334/- | 31,97,333/- | 3,68,86,001/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവ് ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-12 | 2012-13 | 3-1-5(12) | ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6,565/- | ശ്രീമതി ഗ്രേസി തോമസ്, ഹെഡ്മിസ്ട്രസ്സ് |
| 3-2 | - | 21,067 | ശ്രീമതി നൗഫിയ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | - | 47,090/- | ശ്രീ സ്റ്റീഫൻ മോത്തിസ്, സെക്രട്ടറി |
| 3-4 | | 5,000/- | ശ്രീ വിജയൻ എം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

<table>
<tr><td>ഖണ്ഡിക നമ്പർ</td><td>തുക (₹)</td><td colspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</td></tr>
<tr><td>1-12</td><td>245000/-</td><td colspan="2">ശ്രീ. രാഗേഷ് ആർ, വി.ഇ.ഒ.</td></tr>
<tr><td>1-13</td><td>63000/-</td><td colspan="2">ശ്രീ. രാഗേഷ് ആർ, വി.ഇ.ഒ.</td></tr>
<tr><td>1-14</td><td>45000/-</td><td colspan="2">ശ്രീ. അനീഷ് ബഷീർ, വെറ്ററിനറി സർജൻ</td></tr>
<tr><td rowspan="2">1-15</td><td rowspan="2">8420000/-</td><td>₹3560000/-</td><td>ശ്രീ. ബിജു റ്റി എസ്, വി.ഇ.ഒ.</td></tr>
<tr><td>₹4860000/-</td><td>ശ്രീ. രാഗേഷ് ആർ, വി.ഇ.ഒ.</td></tr>
<tr><td>1-16</td><td>1400000/-</td><td colspan="2">ശ്രീ. ബിനു റ്റി., അസിസ്റ്റന്റ് സെക്രട്ടറി</td></tr>
<tr><td>1-18</td><td>26360/-</td><td colspan="2">ശ്രീ. ബിനു റ്റി., അസിസ്റ്റന്റ് സെക്രട്ടറി</td></tr>
<tr><td>1-20</td><td>150000/-</td><td colspan="2">ശ്രീമതി. സൂസൻ ജോൺ കെ, മെഡിക്കൽ ഓഫീസർ (ആയുർവേദം)</td></tr>
<tr><td>1-21</td><td>4887015/-</td><td colspan="2">ശ്രീ വിജയൻ എം, സെക്രട്ടറി</td></tr>
<tr><td>1-23</td><td>453001/-</td><td colspan="2">ശ്രീ വിജയൻ എം, സെക്രട്ടറി</td></tr>
<tr><td>1-26</td><td>210000/-</td><td colspan="2">ശ്രീ. മുഹമ്മദ് സദക്കത്തുള്ള, മെഡിക്കൽ ഓഫീസർ പി.എച്ച്.സി.</td></tr>
</table>

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാഗേഷ് ആർ, വി.ഇ.ഒ. | വി.ഇ.ഒ, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | ദീപം, കരിക്കോട്,<br>റ്റി.കെ.എം.സി. (പി.ഒ.),<br>കൊല്ലം |
| ശ്രീ. ബിജു റ്റി എസ്, വി.ഇ.ഒ. | വി.ഇ.ഒ, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | തിരുവാതിര, മൈലക്കാട് പി ഒ, കൊട്ടിയം, കൊല്ലം |
| ശ്രീ അനീഷ് ബഷീർ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | ആറ്റുപുറത്ത് വീട്, തേജസ് നഗർ 183 തട്ടാമല പി.ഒ. |
| ശ്രീമതി ഗ്രേസി തോമസ്,<br>ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, കെ.ജി.വി.യു.പി.എസ് | കുന്നേൽ വില്ല, പെരുമ്പുഴ പി.ഒ. കൊല്ലം |
| ശ്രീമതി നൗഫിയ,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | പ്ലാവില വീട്, ചെന്താപ്പൂര്,<br>ഡീസന്റ് ജംഗ്ഷൻ, കൊല്ലം |
| ശ്രീ സ്റ്റീഫൻ മോത്തിസ്,<br>സെക്രട്ടറി | വിരമിച്ചു. | സങ്കീർത്തനം, അയത്തിൽ,<br>കൊല്ലം |
| ശ്രീ.ബിനു.റ്റി., അസിസ്റ്റന്റ്<br>സെക്രട്ടറി | ലീവ് | അനന്തപുരി, അയത്തിൽ,<br>പട്ടത്താനം പി.ഒ. |
| ശ്രീമതി.സൂസൻ ജോൺ.കെ,<br>മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം)<br>ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | കാർണേൽ, പള്ളിമുക്ക്,<br>കുണ്ടറ |

| | | |
|---|---|---|
| ശ്രീ വിജയൻ എം ,സെക്രട്ടറി | സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | മണത്തറ ഹൗസ്, പടപ്പക്കര പി.ഒ. കൊല്ലം. |
| ശ്രീ.മുഹമ്മദ് സദക്കത്തുള്ള, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | സദക്ക് മൻസിൽ, വണ്ടിപ്പെരിയാർ, ഇടുക്കി |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(1)/23-03-2018 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/23-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/23-03-2018 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/23-03-2018 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി-1/447(5)/23-03-2018 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(6)/23-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/23-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/23-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/23-03-2018 |
| 2005-06 | എൽ.എഫ്.ക്യു.പി4/1360/14(15) തീയതി 23.06.14 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം.പി7/1578/അദാലത്ത് 2010-11 & 2011-12/22 തീയതി 25.8.2022 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി7/1578/അദാലത്ത് (2) 2012-13 & 2013-14/22 തീയതി 25.8.2022 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത് (3)/2014-15/1578/22 തീയതി 25.8.2022 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത് (4)/2015-16/1578/22 തീയതി 25.8.2022 |
| 2016-17 | കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017 |
| 2017-18 | കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019 |
| 2018-19 | കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020 |
| 2019-20 | കെ.എസ്എ-കെഎൽ എം/പി1/942/2020/16.03.2021 |
| 2020-21 | കെ.എസ്എ-കെഎൽ എം/പി7/1331/22 – 16.03.2021 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.